# <u>ക്വട്ടേഷൻ നോട്ടീസ്</u>

**നം: എഡിബി 3/3/ scrap/jan-2021** **27.01.2021**

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ സെക്ഷനുകളിലും ഡിപ്പാർട്ടുമെൻറുകളിലുമായി സ്ക്രാപ്പ് ഇനത്തിൽ സൂക്ഷിച്ചിരിക്കുന്നവയും ഇനി വരുന്ന കാലയളവിൽ ഉപയോഗ ശൂന്യമായി വന്നേക്കാവുന്ന താഴെ പറയുന്ന വസ്തുക്കൾ ഒരു വർഷത്തേക്ക് വാങ്ങാൻ താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| Sl no | Details Of Items |
|---|---|
| 1. | Air Conditioner |
| 2. | Inverter |
| 3. | Battery |
| 4. | Photocopier machine |
| 5. | UPS |

മുദ്ര വച്ച കവറിലുള്ള ക്വട്ടേഷനുകൾ **എസ്റ്റേറ്റ് ഓഫിസർ, <u>മഹാത്മാഗാന്ധി സർവകലാശാല, പി ഡി ഹിൽസ്, പി ഒ, കോട്ടയം–686560</u>** എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേണ്ട അവസാന **തീയതി 10.02.2021 2.00 p.m.** ക്വട്ടേഷൻ ഫോറം 210/- രൂപ (ഇരുന്നൂറ്റിപ്പത്ത് രൂപ മാത്രം) എ.ഡി.ബി.3 സെക്ഷനിൽ നിന്നും **10/02/2021 1.00 പി.എം. വരെ** വാങ്ങാവുന്നതാണ്. **ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 5000/–( അയ്യായിരം രൂപ മാത്രം) നിരത ദ്രവ്യമായി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്**.

ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ/ സ്ഥാപനത്തിൻെറ ഉടമയുടെ **ആധാർ കാർഡിൻെറ പകർപ്പ്, പാസ്പോർട്ട് ഫോട്ടോ,** ലഭ്യമാണെങ്കിൽ GST Account No: എന്നിവയും സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ അടക്കം ചെയ്ത കവറിൽ **"ക്വട്ടേഷൻ/സ്ക്രാപ്പ് Feb-2021"** എന്ന് രേഖപ്പെടുത്തിയിരിക്കണം.

ക്വട്ടേഷനുകൾ തുറക്കുന്ന തീയതി **10.02.2021** സമയം **2.30 p.m**

(ഒപ്പ്)
**എസ്റ്റേറ്റ് ഓഫിസർ**
**രജിസ്ട്രാർക്ക് വേണ്ടി**

# <u>ക്വട്ടേഷൻ നിബന്ധനകൾ</u>

**നം: എഡിബി 3/2/** scrap/**jan-2021** **27.01.2021**

1.രജിസ്ട്രേഡ് തപാൽ മാർഗ്ഗമോ നേരിട്ടോ, **എസ്റ്റേറ്റ് ഓഫിസർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം – 686 560** എന്ന വിലാസത്തിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി **10.02.2021 2.00 p.m** ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ **5000/-**( അയ്യായിരം രൂപ മാത്രം) രൂപ നിരത ദ്രവ്യമായി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്

2.ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ **"ക്വട്ടേഷൻ/സ്ക്രാപ്പ് Feb-2021"** എന്ന് രേഖപ്പെടുത്തണം. ക്വട്ടേഷനുകൾ തുറക്കുന്ന തീയതി 10.02.2021 സമയം **2.30 p.m**

3) രേഖപ്പെടുത്തുന്ന വില യൂണിവേഴ്സിറ്റിക്ക് ലാഭകരമായി ബോദ്ധ്യപ്പെടാത്ത പക്ഷം ആ ഇനത്തിലെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതാണ്. ക്വട്ടേഷൻ ഉറപ്പിക്കുന്നതുൾപ്പെടെയുള്ള എല്ലാ കാര്യത്തിലും സർവ്വകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും.

4)ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്നയാൾ വിൽപ്പനയ്ക്കുള്ള സാധനങ്ങൾ അറിയിക്കുന്നതനുസരിച്ച് യൂണിവേഴ്സിറ്റി ഓഫീസുകളിലെ ലഭ്യമായ സ്ഥലങ്ങളിൽ നിന്നു ശേഖരിച്ച് ആയതിന്റെ വിലയും നിലവിലുള്ള നിരക്കിൽ വിൽപന നികുതിയും അടച്ച് തീർത്ത് രസീത് വാങ്ങേണ്ടതും, നിശ്ചിത ദിവസത്തിനകം മാറ്റേണ്ടതുമാണ്.

5)ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി/വ്യക്തികൾ സർവകലാശാല നിർദേശങ്ങൾക്കനുസരിച്ച് സാധനം എടുക്കാതെ പിന്മാറുന്ന പക്ഷം പുനർവിൽപ്പനയിൽ ഉണ്ടാകാവുന്ന എല്ലാ നഷ്ടങ്ങൾക്കും ബന്ധപ്പെട്ട പാർട്ടി ഉത്തരവാദിയായിരിക്കുന്നതാണ്. നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച എല്ലാ തുകയും സർവകലാശാലാ ഫണ്ടിലേക്കു മുതൽ കൂട്ടുന്നതും നഷ്ടം വരുന്ന തുക കോടതിച്ചിലവുൾപ്പെടെ ഈടാക്കാനുള്ള നടപടി എടുക്കുന്നതും ആണ്.

6)ക്വട്ടേഷനുകൾ തുറക്കുന്ന തീയതി മാറ്റുന്നതിനോ ലഭിച്ച ക്വട്ടേഷനുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ ഉള്ള അധികാരം നിർവഹകണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കും.

7)പ്രത്യേക കാര്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലാതെയോ ഉറപ്പിച്ച ക്വട്ടേഷൻ റദ്ദാക്കുന്നതിനുള്ള അധികാരം സർവ്വകലാശാല രജിസ്ട്രാറിൽ നിഷിപ്തമാണ്.

8)ക്വട്ടേഷൻ നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

9)ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ എ.ഡി.ബി.3 സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്.

**ഫോൺ :0481–2733308**

(ഒപ്പ്)
**എസ്റ്റേറ്റ് ഓഫിസർ**
**രജിസ്ട്രാർക്ക് വേണ്ടി**